പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228 — 12.02.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. ടി.എ.അഹമ്മദ് കബീർ ശ്രീ. കെ.എം.ഷാജി | | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് ചൂണ്ടിക്കാട്ടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവെച്ച തുകയുടെ അൻപത് ശതമാനം വെട്ടിക്കുറച്ചിട്ടുണ്ടോ; | (എ) & (ബി) | പ്രധാന പദ്ധതികളായ ഭവന നിർമ്മാണം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഒഴിവാക്കി പദ്ധതിയുടെ 20% തുക വെട്ടിക്കുറച്ചിരുന്നു. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 296.53 കോടി രൂപ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനവിഹിതമായ 632.58 കോടി രൂപയിൽ നിന്നും 20% തുകയായ 126.50 കോടി രൂപ പദ്ധതി തുകയിൽ കുറവ് വരുത്തി. |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | മുൻകാലങ്ങളിൽ പ്രകൃതിദുരന്തം ഉണ്ടായപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ലാ ത്തതിനാൽ, തുക വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല.<br>പ്രധാനപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വകുപ്പുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പ്രധാന പദ്ധതികളായ ആരോഗ്യം, പാർപ്പിടം, വിദ്യാഭ്യാസം എന്നീ മേഖലകളെ ബാധിക്കാത്ത രീതിയിലാണ് തുക വെട്ടിക്കുറച്ചിട്ടുള്ളത്. കേരളം കണ്ട മഹാപ്രളയത്തിനുശേഷം റീബിൽഡ് കേരളക്കു വേണ്ടിയാണ് 20% തുക കുറച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ